നികുതി വിധേയമാകാതെയും നികുതി കുടിശ്ശിക വരുത്തിയും അനേകം സ ഇപ്രകാരം യഥേഷ്ടം പ്രവർത്തിക്കുന്നത് ഉചിതമായ കാര്യമല്ല. ഭരണസംവിധാനത്തിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭരണഘടനയുടെ പിൻബലത്തോടെ അനേകം നിയമങ്ങ അതിനെപിൻപറ്റി സർക്കാർ ഉത്തരവുകളും ഉണ്ടായിട്ടും അത് ഫലപ്രദമായി പ്രയോഗി പഞ്ചായത്ത് അധികൃതർ പ്രകടിപ്പിക്കുന്ന വൈമുഖ്യം അംഗീകരിക്കാവുന്നതല്ല.നി ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻകുടിശ്ശികയും നഷ്ടവും വരുത്തിയ നടപടിക്ക് വി ലഭ്യമാക്കേണ്ടതാണ്. സുശക്തവും കാര്യക്ഷമവുമായ പരിഹാരനടപടികളിലൂടെ ഗ്രാമപഞ്ച പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി വിഷയം ഭരണസമിതി, ഭര എന്നിവരുടെ അടിയന്തിരശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>1-12 ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചു</u>**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സ ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടു

| റോഡിന്റെ തരം | ബാധകമായ നിരക്ക് വ്യതിയാനം |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | 20 % നികുതി വർദ്ധനവ് |
| 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | നികുതി വർദ്ധനവോ ഇളവോ ഇല്ല. |
| 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ | 10 % നികുതി ഇളവ് |
| പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ | 20 % നികുതി ഇളവ് |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 റ്റേ
പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ വിവിധ കെട്ടിടങ്ങളുടെ റ
നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേ

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/38 B | സന്ദീപ് ചാക്കോ | കാക്കത്തോട് പാലാ കൊച്ചുപറമ്പിൽപടി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 2 | I/38 A | ജെസ്സി ഫിലിപ്പ് | | 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ് |
| 3 | I/333 A | ജെയ്സ്മോൻ പി എ | അരുവിക്കുഴി തറക്കുന്ന് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | I/343 A | ഷാന്റി ജോസ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 5 | II/ 17 G | അജികുമാർ കെ എസ് | കവുങ്ങുംപാലം നെല്ലിക്കശ്ശേരി റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | II/ 17 H | നവീൻ വി നായർ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 7 | III/ 81 B | ജോസ് ആന്റണി | പൊൻകുന്നം പള്ളിക്കത്തോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 8 | III/ 90 | വിജയൻ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 9 | IV/ 11 A | ആന്റണി ലൂയിസ് | ആനിക്കാട് ചെങ്ങളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 10 | IV/ 53 A | ജിൽസൺ ജോൺ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

നികുതി നിർണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകി അന്വേഷണക്കുറിപ്പിനുള്ള (08/22.08.2024) പരിഹാര നടപടിയായി മേൽ സൂചി അപാകതയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിച്ചിട്ടു നടപടി അംഗീകരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഇപ്രകാരമുള്ള അപാകത പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെ നികുതി നി സംഭവിച്ചിട്ടുണ്ടോയെന്ന് സഞ്ചയ സോഫ്റ്റ് വെയറിലെ ഡേറ്റ പരിശോധിച്ചും ആ ഫീൽഡ്തല പരിശോധന നടത്തിയും സ്ഥിരീകരിച്ച് അസസ്മെന്റും ഡിമാന്റ് കൃത്യമാക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്

## 1-13 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എംഎസ്) 77/2023 നമ്പർ ഉത്ത 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെ 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നി 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരി ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതുക്കിയ നികുതി നിരക്കുകൾ വ ചെയ്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതി 16/09/2023-ലെ 18(1) തീരു അന്തിമമാക്കിയിട്ടുണ്ട്.

2023-24-ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ 01/ ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ഭൂരിഭാഗം കെട്ടിടങ്ങൾക്കും 2013 മുതൽ പ്രാബ നികുതി നിരക്കിന്റെ 5% അധികരിച്ച നിരക്കാണ് ബാധകമാക്കിയിട്ടുള്ളതെന്ന് കാണു നിരക്കിലുള്ള വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഉപയോഗക്രമം | നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ) | നിർണ്ണയിക്കേണ്ട നിരക്ക്(രൂപ) | വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന് |
|---|---|---|---|
| പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ) | 6 | 8 | 2 |
| 100 ച.മീ. വരെയുള്ള വാണിജ്യാവശ്യം | 30 | 50 | 20 |
| 500 ച.മീ. മുകളിലുള്ള വാണിജ്യാവശ്യം | 50 | 90 | 40 |

ഇപ്രകാരം നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം., കെട്ടിട ഉടമ | ഉപയോഗക്രമം | വിസ്തീർണ്ണം(ച.മീ.) | നിലവിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയി യിരു അടിസ്ഥാ നികു |
|---|---|---|---|---|---|
| 1 | I/ 121 A ജോബി ജോർജ്ജ് | പാർപ്പിടാവശ്യം – 300 ച.മീ. വരെയുള്ളവ | 153.49 | 920.04 | |
| 2 | IX/ 250 B രാജഗോപാൽ പി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ | 21.72 | 651.60 | 1 |
| 3 | I/ 35 A ജൂലിയ സെബാസ്റ്റ്യൻ | വാണിജ്യാവശ്യത്തിനുള്ളവ 500 ച.മീറ്റർ മുകളിൽ | 670.08 | 33504.00 | 60 |

01.04.2023-ന ശേഷവും പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ചതുരശ്ര മീറ്ററിനും പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ കുറവുണ്ടാകുന്നതായി കാണുന്നു പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകി അന്വേഷണക്കുറിപ്പിന് (നം.09/തീ.23.08.2024) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, 16 ശേഷമാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ നിരക്ക് നിലവിൽ ആയതിനാലാണ് അതിനുമുൻപ് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഡേറ്റാ പ്യൂരിഫിക്കേഷന് Kerala Mission മുഖേന അടിയന്തിരമായി അനുമതി ലഭ്യമാക്കി അഡീഷണൽ ഡിമാ ചെയ്യേണ്ടതും (കുറവു വന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെ ആയത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-14 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി വർഷങ്ങളായി ഡിമ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെ നമ്പർ വിജ്ഞാപനം) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്ക സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാ

വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ പള ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനായി 5/ച.മീ. നിരക്കിൽ വസ്തുനികുതി അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ്, പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ് കീഴിലുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ അരവിന്ദ പബ്ലിക് സ്കൂ എൻജിനിയറിംഗ് കോളേജ് എന്നിവയുടെ വസ്തുനികുതിയിൽ വൻകുടിശ്ശിക ഉള്ളതായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം (ച.മീ.) | വർഷം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | XIII/ 18 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 524.4 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 40018 |
| 2 | XIII/ 18 A | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 27.16 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 1890 |
| 3 | XIII/ 19 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1613.31 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 133706 |
| 4 | XIII/ 20 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1564.02 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം | 145839 |

| | | | | | |
|---|---|---|---|---|---|
| | | | | അർദ്ധവർഷം വരെ | |
| 5 | XIII/ 20 A | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1316 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 100441 |
| 6 | XIII/ 20 B | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1422 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 80527 |
| 7 | XIII/ 20 C | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1698.72 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 93273 |
| | | ആകെ | | | 595694 |
| 8 | IV/ 104 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2019-20 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 104157 |
| 9 | IV/ 105 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2018-19 രണ്ടാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം | 125555 |

| | | | | | |
|---|---|---|---|---|---|
| | | | | അർദ്ധവർഷം വരെ | |
| 10 | IV/ 106 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3500 | 2018-19 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 165432 |
| 11 | IV/ 107 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2018-19 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 141801 |
| 12 | IV/ 108 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3332.72 | 20181-19 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 157531 |
| 13 | IV/ 109 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 1500 | 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 35744 |
| 14 | IV/ 110 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 1700 | 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം | 41511 |

| | | | | | |
|---|---|---|---|---|---|
| | | | | അർദ്ധവർഷം വരെ | |
| | | ആകെ | | | 768731/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/തീ.30.08.2024) മറുപടി ലഭ്യമാക്കിയ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാത്തത് വസ്തു നികുതി ഇനത്തിൽ വലിയ കാരണമാകുന്നു. കുടിശ്ശിക തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക അറിയിക്കേണ്ടതാണ്.

## 1-15 മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം-6-ന കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീ മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15 കൂടി ചുമത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീ മേൽത്തരം സാമഗ്രികൾ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്) ഉപയോ നിർമിച്ചിട്ടുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഒന്നായി പരിഗണിക്കുന്ന വിവിധ മുറികളായി വിഭജിച്ച് നമ്പർ നൽകിയിനാൽ 15% വർദ്ധനവ് ബാധകമാകാതെ സപ്ലിമെന്ററി അസസ്മെന്റ് ഡേറ്റാബേസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപ്രകാര ബാധകമാക്കാത്ത കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഉടമ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | | ആകെ വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ചെറിയാൻ ജോസഫ് പിറ്റത്താങ്കൽ | XIII/ 453 A | 188.8 | താഴത്തെ നില | 280.34 | 100 ച.മീ. മുകളിൽ വാണിജ്യം |
| | XIII/ 453 B | 27.34 | | | |
| | XIII/ 453 C | 55 | | | |
| | XIII/ 453 D | 9.2 | | | |
| | XIII/ 453 E | 25.53 | ഒന്നാം നില | 324.91 | 100 ച.മീ. മുകളിൽ 500 ച.മീ. താഴെ വാണിജ്യം |
| | XIII/ 453 F | 25.53 | | | |
| | XIII/ 453 G | 29.96 | | | |
| | XIII/ 453 H | 108.55 | | | |
| | XIII/ 453 J | 135.34 | | | |

മേൽ ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമാകാത്തതിനാൽ ആകെ നികുത ഗ്രാപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.23.08.2024) സെക്രട്ടറി മറുപടി ഒരേ കെട്ടിടം പല മുറികളായി വിഭജിച്ചതുമൂലം 250 ച.മീ. മുകളിലുള്ള കെട്ടിടം എന്ന പരി എത്താതിരുന്നതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി വർദ്ധനവ് പ്രാവർത്ത പറ്റിയില്ല എന്നാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിത മേൽ ചട്ടങ്ങളിലെ ചട്ടം 6-ൻ കീഴിലുള്ള പട്ടിക 6 പ്രകാരം വസ്തുനികുതിയിൻമേൽ 15 നൽകേണ്ടതാണ്. നമ്പറിംഗിനായി കെട്ടിടത്തിന്റെ വിസ്തീർണ്ണം വിഭജിച്ചത് ഡേറ്റാബേസിൽ വർദ്ധനവ് ബാധകമാകാതിരുന്നത്. ആയതിനാൽ മേൽത്തരം തറ നി കെട്ടിടത്തിന് വിഭജിച്ച് നമ്പർ നൽകുമ്പോൾ 15% വർദ്ധനവ് ബാധകമാകുന്ന സോഫ്റ്റ്‌വെയറിൽ ക്രമീകരണം Information Kerala Mission മുഖേന നടത്തേണ്ടതാ വർദ്ധനവ് കൃത്യമാക്കി കുറവ് വന്ന തുക കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്ത് ക അറിയിപ്പ് നൽകി ഈടാക്കേണ്ടതുമാണ്. സോഫ്റ്റ്‌വെയർ ക്രമീകരണം തുടർനടപടിക എന്നിവ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## <u>1-16 മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക</u>

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത് 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവ നികുതി കുടിശ്ശികയാണ്.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | II/177 | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 16538 |

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/തീ.22.08.2024) വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുള ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-17 വസ്തു നികുതിയിൽ വൻകുടിശ്ശിക</u>**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രികയുടെ ബി-15 പട്ടിക അനു നികുതിയിൽ വൻകുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | 431100101 – Receivables For Property Tax On Residential Buildings (Current) | 320674/- |
| 2 | 431100102 – Receivables For Property Tax On Residential Buildings( Arrear) | 134597/- |
| 3 | 431100103 – Receivables For Property Tax On Non Residential Buildings (Current) | 495777/- |
| 4 | 431100104 – Receivables For Property Tax On Non Residential Buildings (Arrear) | 804761/- |
| | ആകെ | 1755809/- |

വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്ന കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ കൊ

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം | വർഷം | കുടിശ്ശിക തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | II/ 354 C | ജിജിമോൻ ജോസഫ് അഞ്ചാനിക്കൽ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 35951 |
| 2 | II/ 354 D | ജിജിമോൻ ജോസഫ് അഞ്ചാനിക്കൽ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 38789 |
| 3 | II/ 354 E | ജിജിമോൻ ജോസഫ് അഞ്ചാനിക്കൽ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 80028 |
| 4 | III/ 323 B | അരവിന്ദ് പി ആർ | കോഴിവളർത്തൽ ഷെഡ് | 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 3172 |
| 5 | III/ 323 C | അരവിന്ദ് പി ആർ | കോഴിവളർത്തൽ ഷെഡ് | 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 3903 |

| | | | | | |
|---|---|---|---|---|---|
| 6 | III/347 B | രാജേഷ് കെ ജേക്കബ് | വാണിജ്യാവശ്യം – 100 ച.മീ. മുകളിൽ | 2023-34 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 4865 |
| 7 | III/ 347 C | രാജേഷ് കെ ജേക്കബ് | വാണിജ്യാവശ്യം – 100 ച.മീ. മുകളിൽ | 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ | 4874 |

വസ്തു നികുതി യഥാസമയം ഈടാക്കാതെ കുടിശ്ശിക വരുത്തിയതിന് വിശദീകരണം ആ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (തീ.23/തീ.28.08.2024) സമർപ്പിച്ച മറുപടിയി 1, 2, 3 കെട്ടിടങ്ങൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതും ക്രമ നം. കെട്ടിടങ്ങൾക്ക് അരിയർ ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾക്കുപോലും സർക്കാർ ഗ്രാന്റിനെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് ലഭ്യ വരുമാനം പോലും സമയബന്ധിതമായി ഈടാക്കാത്ത നടപടി അംഗീകരിക്കാവുന നികുതി പിരിവിന് പ്രോത്സാഹനവും 90%-ൽക്കുറവുള്ളതിന് പിഴ ശിക്ഷയും സർക്കാർ പ്ര നികുതി പിരിവിൽ പുരോഗതിയില്ലാത്ത നടപടി ഏറെ ഖേദകരമാണ്. പിരിവിലെ പിന മുൻനിർത്തി സർക്കാർ ഗ്രാമപഞ്ചായത്തിന് ഒന്നേകാൽ ലക്ഷം രൂപ തൻവർഷം പി കാര്യവും പ്രത്യേകം കാണേണ്ടതുണ്ട്. നികുതി ക കാലഹരണപ്പെടുന്നതിനുമുൻപ് പിഴപ്പലിശ സഹിതം ഇ വിവരം അറിയിക്കേണ്ടതാണ്.

**<u>1-18 തൊഴിൽ നികുതി ഈടാക്കുന്നതിൽ ഗൗരവമേറിയ ജാഗ്രതാക്കുറവ്</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരള പഞ്ചാ (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്ര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേ

1. 2023-24 സാമ്പത്തിക വർഷം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അരവിന്ദ വിദ്യാമന്ദിരം | 1,2 |
| 2 | അഞ്ചാനി തീയേറ്റേഴ്സ് | 1,2 |

| | | |
|---|---|---|
| 3 | ആനന്ദ് സിൽക്ക്സ് | 1,2 |
| 4 | കിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് | 1,2 |
| 5 | യുണൈറ്റഡ് ബാങ്കേഴ്സ് | 1,2 |

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ ( ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ച വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴി ഒടുക്കിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ ഒ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമതേ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ കരാർ ഏറ്റെ നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ജോഷി തോമസ് |
| 2. | സുരേന്ദ്രബാബു കെ പി |
| 3. | രവീന്ദ്രൻ നായർ |
| 4. | അബ്രഹാം തോമസ് |
| 5. | രമേഷ് സി എസ് |
| 6. | വർഗ്ഗീസ് ആന്റണി |
| 7. | സോമരാജൻ സി കെ |
| 8 | വസന്ത് ആർ |

2. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് സമഗ്രമാക്കാത്തതിനാൽ സ്ഥാപനങ്ങൾ ഒഴിവായ് വൻനികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഉപഖണ്ഡിക (1)-ൽ പരാമർശിക്കുന്ന സ്ഥാ തൻവർഷം ഡിമാന്റ് നോട്ടീസ് പോലും നൽകിയിരുന്നില്ലായെന്ന വസ്തുത ഗുരുതരമായ ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വ്യക്തികൾ/സ്ഥാപനങ്ങളിൽനിന്നും തൊഴിൽ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ തീ.27.08.2024) സമർപ്പിച്ച മറുപടിയിൽ, നികുതി ഈടാക്കുന്നതിന് അടിയന്തിര സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും തൊഴി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 സിനിമാ തീയേറ്ററിന്റെ വിനോദ നികുതി ഈടാക്കിയിട്ടില്ല

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് നിയമം വകുപ്പ് 3 പ്ര സ്ഥാപനങ്ങൾക്ക് അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തീയേറ്ററുകളിൽ ന

വിലയുടെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്താവുന്നതാണ്. ചരക്ക് സേവന ( ടിക്കറ്റിങ്ങ് എന്നിവ പ്രാബല്യത്തിലായതിനുശേഷം മേൽ നിയമത്തിലെ വ്യ വിധേയമായി 31/08/2019 ലെ സ.ഉ.(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയ് ടിക്കറ്റിന് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 8.5% എന്നിങ്ങനെ വിനോദ നിക 01/09/2019 പ്രാബല്യത്തിൽ സർക്കാർ പുനർനിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രവർത്തിക്കുന്ന 3 സ്ക്രീനുകൾ ഉള്ള മൾട്ടിപ്ലക്സ് തീയേറ്ററായ അഞ്ചാനി സിനിമാ വർഷത്തെ വിനോദ നികുതി ഒടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു. ടി തീയേറ്ററിലെ എണ്ണവും ടിക്കറ്റ് നിരക്കും Www.Bookmyshow.Com വെബ്സൈറ്റ് പ്രകാരമുള്ളത് താഴെ

| സ്ക്രീനിന്റെ പേര്/ നമ്പർ | സീറ്റുകളുടെ തരം/എണ്ണം(ടിക്കറ്റ് നിരക്ക്) | | ആകെ സീറ്റ് |
|---|---|---|---|
| | Platinum(250/- രൂപ) | Gold(150/- രൂപ) | |
| Screen-1 | 16 | 171 | 187 |
| Screen-2 | 14 | 153 | 167 |
| Screen-3 | 12 | 117 | 129 |
| ആകെ | 42 | 441 | 483 |

150/- രൂപ 250/- എന്നീ വിലയുള്ള ടിക്കറ്റുകളിൽ ടിക്കറ്റ് ചാർജ്, 18% GST, 8.5% വിനേ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച്, തീയേറ്റു മാസവും 18% ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമാ GST Return Statement) വിനോദ നികുതിയിനത്തിൽ പിരിച്ച തുകയും (8.5%) തൊട്ടടുത്ത തീയതിക്കുള്ളിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. 2023-24 ധനകാ പ്രകാരം തൻവർഷം വിനോദ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് 301 ലഭ്യമായിട്ടുണ്ടെങ്കിലും അഞ്ചാനി സിനിമാസിന്റെ 2023-24 ലെ ഓരോ മാസത്തെയും Statement,Daily-Monthly Ticket Collection Reports, എന്നിവ ലഭ്യമാക്കിയിട്ടില്ല. 2022 ഈടാക്കിയ തുക പൂർണമായി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ലായെന്ന് 2022-23 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ട്. 483 സീറ്റുകളുള്ള തീയേറ്ററിന്റെ വിനോദ നികുത് പഞ്ചായത്തിൽ ഒടുക്കാതിരുന്നതിനാൽ ഭീമമായ നഷ്ടമുണ്ടായതായി ഓഡിറ്റ് വില ജനങ്ങളിൽ നിന്നും ഈടാക്കിയ വിനോദനികുതി യഥാവിധി പഞ്ചായത്തിൽ അടവാക്ക നിലയിൽ സൂക്ഷിച്ചിരിക്കുകയാണ്. 301552 രൂപയുടെ ഒടുക്ക് വിവരങ്ങളും (വിനോദ നിക രസീത് നം., തീയതി, മാസം മുതലായ വിവരങ്ങൾ) വിനോദ നികുതി ഒടുക്കാതെ തീയേറ്ററിൽ നിന്നും അത് ഈടാക്കുന്നതിന് സ്വീകരിച്ച നിയമ നടപടികളും വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി തീ. 22.08.2024) സമർപ്പിച്ച മറുപടിയിൽ 2022 ഡിസംബർ വരെയുള്ള വിനോദ നികുത് ഇതിനോടകം ഒടുക്കിയിട്ടുള്ളതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. GST Return, Daily-Mo

Collection Reports എന്നിവ ലഭ്യമാക്കാത്തതിനാൽ ഒടുക്കിയ തുകയുടെ കൃത്യത വ്യക്തതയില്ല.

അഞ്ചാനി സിനിമാസ് എന്ന സ്ഥാപനം തെറ്റായ ദിവസ പിരിവ് രജിസ്റ്റർ (DCR) ഹാ ആയതിന്റെ അടിസ്ഥാനത്തിൽ വിനോദനികുതി ഡിമാന്റ് ചെയ്യുകയും ചെയ്തത് മൂലം പ വൻ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. ജിഎസ് റ്റി വകുപ്പിന് നികു ഫയൽ ചെയ്യുമ്പോൾ റിട്ടേണിൽ കാണിക്കുന്ന വരവിന്റെ 8.5% തുക വിനോദനികുതിയായി പഞ്ചായത്തിൽ അടക്കേണ്ടത്. ഏപ്രിൽ 22 മുതൽ ഡിസംബർ 2 ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിനോദനികുതി ഡിമാന്റ് ചെയ്യുകയും ജിഎസ് റ്റി റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കാത്തതിനാൽ സമർപ്പി കൃത്യത ഉറപ്പാക്കിയിരുന്നില്ല. ജി എസ് റ്റി വകുപ്പിൽ നിന്നും ഓഡിറ്റിന് ലഭ്യമായ അനുസരിച്ച്നികുതി വിധേയമായ വരവും ലഭിച്ചതും ലഭിക്കേണ്ടിയിരുന്നതുമായ നികുതി ചുവടെ ചേർക്കുന്നു.

| കാലയളവ് | നികുതി വിധേയമായ വരവ് (ജി എസ് റ്റി റിട്ടേൺ ഫയൽ ചെയ്തതു പ്രകാരം) | ലഭിച്ച വിനോദ നികുതി | ലഭിക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|
| ഏപ്രിൽ 22 | 3116062.67 | 135884 | 264865 | 128981 |
| മെയ് 22 | 3145182.15 | 138368 | 267340 | 128972 |
| ജൂൺ 22 | 1720292.59 | 74214 | 146225 | 72011 |
| ജൂലൈ 22 | 2226591.44 | 120269 | 189260 | 68991 |
| ആഗസ്റ്റ് 22 | 1299821 | 113605 | 110485 | 00 |
| സെപ്റ്റംബർ 22 | 1632588.67 | 68555 | 138770 | 70215 |
| ഒക്ടോബർ 22 | 2325570.50 | 109906 | 197673 | 87767 |
| നവംബർ22 | 1681928.51 | 77592 | 142964 | 65372 |
| ഡിസംബർ 22 | 1451871.44 | 77664 | 123409 | 45745 |
| | 18599908.97 | 916057 | 1580991 | 668054 |

ആയതിന് പഞ്ചായത്തിൽ നിന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിനിമാസിന്റെ 2023 ജനുവരി മുതൽ ഓരോ മാസത്തെയും GST Return Statement, Mc

Collection Statement എന്നിവ ലഭ്യമാക്കി ആനുപാതികമായ വിനോദ നികുതി പഞ്ചായത Prior Period Tax ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. നികുതി ഒടുക്കാൻ വിഴ്ച വരുത്തിയ ക നിയമാനുസൃത പിഴപ്പലിശയും അടവാക്കേണ്ടതാണ്. 2021 ഡിസംബർ മാസം മു ഡിസംബർ മാസം വരെ ഒടുക്കിയ നികുതിയുടെ കൃത്യത GST Return Statement, Mo Collection Statement എന്നിവയോട് താരതമ്യപ്പെടുത്തി പരിശോധിക്കേണ്ടതാണ്. നികു ശേഷം ഓരോ മാസത്തെയും റിട്ടേണുകളുടെ പകർപ്പും നികുതി ഒടുക്ക് വിവരവും അറിയിക്കേണ്ടതാണ്. സ്ഥാപനത്തിനെതിരെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന സ്വീകരിച്ചിരിക്കുന്നത് റിട്ടേണുകളുടെ പകർപ്പും നികുതി ഒടുക്ക് വിവരവും താരതമ്യപ്പെടു എന്ന വിവരവും അറിയിക്കേണ്ടതാണ്.

**1-20 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിൽ വൻകുടിശ്ശിക-കുടിശ്ശികക്കാരായ കുത്തകക്കാർ നിരാക്ഷേപം തുടരുന്നു**

ഗ്രാമപഞ്ചായത്തിൽ 2023-24 വരെയുള്ള കാലയളവിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയി തുക കുടിശിക നിലനിൽക്കുന്നു. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ വിശദാംശം ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കുത്തകക്കാരന്റെ പേര് | കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് XIII/ 547 | സുനിൽ കെ ശങ്കർ കടലിമറ്റം | 04/2018 മുതൽ 03/2024 വരെ | 134496 |
| 2 | വില്ലേജ് ഹട്ട് VII/ 118 | ബിന്ദു സുരേഷ് വാകത്താനത്ത് | 04/2020 മുതൽ 03/2024 വരെ | 109680 |
| 3 | വില്ലേജ് ഹട്ട് VII/ 116 | വിജയമ്മ കരിയ്ക്കകത്ത് | 04/2021 മുതൽ 03/2023 വരെ | 36837 |
| 4 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് XIII/ 546 | സെബാസ്റ്റ്യൻ ജോർജ്ജ് | 04/2023 മുതൽ 03/2024 വരെ | 75600 |
| | | ആകെ | | 356613 |

വാടക കുടിശ്ശിക നിലനിൽക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകി അന്വേഷണക്കുറിപ്പുകൾക്ക് (നം.5, 6/തീ. 22.8.2024) ക്രമ നം. 1, 2, 4 എന്നിവരിൽ നി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 1 , 04/2018 മുതലുള്ള വാടക കുടിശ്ശിക വരുത്തിയിട്ടും നിലവ മുറിയിൽ തുടരുകയാണ്. മേൽപ്പട്ടികയിൽ പരാമർശിക്കുന്ന തുകയിൽ പലതും 1994 പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 പ്രകാരം കാലഹരണപ്പെട്ടതിനാൽ അത് നി ഈടാക്കാൻ പരിമിതിയുണ്ട്. കുത്തകക്കാരൻ സ്വമേധയാ അടയ്ക്കാത്തപക്ഷം കുടിശ്ശികതു കാലയളവിൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽനിന്ന ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2023-24 വർഷത്തെ വാടകക്കരാറുകളുടെ ഫയൽ പരിശോധിച്ചതിൽ രണ്ട് കുത്തകക്കാർ കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. സങ്കീർണമായ പല കോടതി വ്യവഹ ഇത് വഴിതെളിക്കുമെന്നതിനാൽ പ്രസ്തുത നടപടി അംഗീകരിക്കാവുന്നതല്ല . കുടിശ്ശിക വാടകക്കാരുമായി കരാർ പുതുക്കുന്നില്ല. കരാർ വെയ്ക്കാത്ത വാടകക്കാരിൽ നിന്ന് കുടിശ്ശി ഈടാക്കുന്നതിന് നിയമപരമായ പരിമിതിയുണ്ട്. വാടക കുടിശ്ശിക വരുത്തിയവർ വയ്ക്കാത്തവർക്കും തുടർ വർഷങ്ങളിലും മുറികൾ വാടകയ്ക്ക് അനുവദിച്ച നടപടി അ ഭാഗത്തുനിന്നുള്ള ഗൗരവമേറിയ വീഴ്ചയാണ്.

ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഒഴിഞ്ഞു കിടക്കുന്നതിനാലുള്ള ഗണ്യമായ വരു മുൻറിപ്പോർട്ടിൽ പരാമർശിച്ചിരുന്നത് ശ്രദ്ധിക്കുക. പ്രസ്തുത അപാകത പര നാളിതുവരെയും നടപടികളായില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. വാർഷിക ധനകാര്യപത്രിക പ്രകാരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവുമുള്ള കുടിശ്ശിക വ്യത്യസ്തമാണ്. കുടിശ്ശികക്കാരായ കുത്തകക്കാരുടെ ബാധ്യതാ തുക കൃത്യമായി നിർണയ ആയത് അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

വാടക ബൈലോ തയ്യാറാക്കാത്തതും കുത്തകക്കാരെ ഒഴിപ്പിക്കുന്നതിന് നോട്ടീസ് ന നടപടികൾ സ്വീകരിക്കാതിരുന്നതും വലിയ തുക കുടിശ്ശിക നിൽക്കെത്തന്നെ തുടർവ കരാർ വയ്ക്കാതെ തുടരാൻ അനുവദിച്ചതും അതാത് കാലങ്ങളിലെ സെക്രട്ടറിമാരുടെ ഭാഗത്തു ഗുരുതര വീഴ്ചയാണ്. മേൽ പരാമർശിത അപാകതകൾക്ക് അടിയന്തിര പരിഹാര സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-21 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, തദ്ദേശ സ്വയംഭരണ വകുപ്പിലെ ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാ വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ ചട്ടങ്ങൾ SR No.674/2017 തീയതി 31.10.2017 എന്നിവ പ്രകാരം മനുഷ്യന്റെ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ ആയേക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ആവശ്യമാണ്.

1. ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2023-24 വർഷം ലൈസൻസ് എടുത്തിട്ടു സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 900 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 128 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 5 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 86 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| ഓഫീസ് ആവശ്യം | 34 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 46 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 23 |
| **ആകെ എണ്ണം** | **1226** |

സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1226 കെട്ടിടങ്ങളെ വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 295 സ്ഥാ മാത്രമാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന സ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

2. 2023-24 വർഷം ലൈസൻസില്ലാതെ പ്രവർത്തിച്ച ഏതാനും ചില സ്ഥ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | അഞ്ചാനി തീയറ്റേഴ്സ് |
| 2 | ആനന്ദ് സിൽക്ക്സ് |
| 3 | സൺകോസ്റ്റ് ഫാമിലി റെസ്റ്റോറന്റ് |
| 4 | ഗ്രാൻഡ് ഹോട്ടൽ |
| 5 | ശ്രീ മുത്തപ്പൻ ലക്കി സെന്റർ |

| | |
|---|---|
| 6 | അശ്വതി ലക്കി സെന്റർ |
| 7 | ഇമ്മാനുവേൽ ഫിഷറീസ് |
| 8 | അതിഥി കേറ്ററിംഗ് |
| 9 | ലക്ഷ്മി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ |
| 10 | മരിയ ബ്യൂട്ടി പാർലർ |
| 11 | ശിവാസ് ഹെയർ കെയർ |
| 12 | മുണ്ടേപ്പറമ്പിൽ ഫുട്‌വെയേഴ്സ് |
| 13 | ഗ്ലോബൽ മൊബൈൽസ് |
| 14 | ഫിറ്റ്നെസ് ജിംനേഷ്യം |
| 15 | ഗാലക്സി മൊബൈൽസ് |
| 16 | അരവിന്ദ ക്ലിനിക്കൽ ലാബ് |

3. ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല എന്നത് പഞ്ചായത്തിന് സംഭവിച്ച വീഴ്ചയായി വില ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേ ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവ പാടുള്ളതല്ല. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ഷാപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ഗ വീഴ്ചയാണ്. ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വ പക്ഷം രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷ (നം.15/തീ.27.08.2024) സമർപ്പിച്ച മറുപടിയിൽ എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടെന്നും മേൽ സൂചിപ്പിച്ചവയിൽ ചില സ്ഥാപനങ്ങൾ 2024-25 വർഷം എടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിന് കുടിശിക നിയമപ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ 2023-24 സാമ്പത്തികവർഷം കഴിയാതിരുന്ന ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ വ്യക്തമായ ഇക്കാലയളവിൽ സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരുടെ ചുമതല വഹിച്ചിരുന്നവര നഷ്ടത്തിനുത്തരവാദികൾ. നടപ്പ് സാമ്പത്തികവർഷം മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള സിനിമാസ്( മൂന്ന് സ്ക്രീനുകൾ), സൺകോസ്റ്റ് റസ്റ്റോറന്റ് എന്നിവ ₹5000/-രൂപ ലൈസൻസ് ഫീസ്, 2500/- നിരക്കിൽ തൊഴിൽനികുതി എന്നിവ ഉൾപ്പടെ ഈടാക്കിയതായി ബോദ്ധ്യമായിട്ടുണ്ട്. കേവലം നാലു സ്ഥാപനങ്ങളിൽനിന്ന് ₹25000/- മുൻവർഷം സംഭവിച്ചുവെങ്കിൽ ശേഷിക്കുന്നവയുടെ ഫീസ്, നികുതിയിനങ്ങളിലെ നഷ്ടത്ത എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം അംഗീകരിക്കാവുന്നതല്ല. പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് മുൻവർഷവും ഇതേ തുക

ലഭിക്കേണ്ടതെന്നതിനാൽ നഷ്ടമായ ₹25000/- അക്കാലയളവിലെ സെക്രട്ടറി, സെ
എന്നിവരിൽനിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. ഒപ്പം ഹരിതകർമസേനാംഗങ്ങള
വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ സ്ഥാപനങ്ങളുടെയും ഡ
സമഗ്രമായി തയ്യാറാക്കി അവയെ ലൈസൻസിന്റെയും തൊഴിൽനികുതിയുടെയും
കൊണ്ടുവരേണ്ടതും 2023-24 സാമ്പത്തികവർഷത്തെ ഡിമാന്റ് കണക്കാക്കി അതിന്റെ
ബാധ്യത അക്കാലയളവിൽ സേവനമനുഷ്ഠിച്ച സെക്രട്ടറി, സെക്ഷൻക്ലാർക്ക് എന
നിശ്ചയിച്ച് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-22 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും
പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ
അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ച
(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ര
ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻ
ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാര
സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2023-24 വർഷം ഈ മേഖലയി
സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയും മറ്റു ചിലത് ലൈസൻസും രജിസ്ട്രേഷനും
പ്രവർത്തിച്ചതായി കാണുന്നു.

**1. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചവ**

A) വിശ്വാ ആയുർവേദിക് സെന്റർ

B) വേദാഞ്ജലി ആയുർവേദ ക്ലിനിക്

C) മെഡിക്കൽ ലാബ് (സുബിൻ ജെയിംസ്)

**2. ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നവ**

A) ട്രിനിറ്റി ഹോമിയോ ക്ലിനിക്

B) ആലയ്ക്കൽ ഹോമിയോ ക്ലിനിക്

C) അരവിന്ദ ക്ലിനിക്കൽ ലാബ്

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള തദ്ദേശ
സ്ഥാപനം എന്ന നിലയിൽ പ്രസ്തുത സ്വകാര്യ ആശുപത്രികളെയും പാരാ
സ്ഥാപനങ്ങളെയും നിയന്ത്രിക്കേണ്ട ഗ്രാമപഞ്ചായത്ത് അവയെ അനുമതി
പ്രവർത്തിക്കാൻ അനുവദിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകി
അന്വേഷണക്കുറിപ്പിന് (14/24.08.2024) സമർപ്പിച്ച മറുപടിയിൽ ക്രമ നം. 1C, 2A, 2B എ
25 വർഷം ലൈസൻസ് എടുത്തിട്ടുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. 2023-24
സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിച്ചത് ഗ്രാമപ
സ്ഥാപനങ്ങൾക്കുമേലുള്ള നിയന്ത്രണമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. എല്ലാത്തരം പാര

സ്ഥാപനങ്ങളുടേയും എണ്ണം കൃത്യമായി തിട്ടപ്പെടുത്തി ലൈസൻസ്, ( എന്നിവയോടുകൂടിയാണ് അവ പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തി വിവരം അറിയിക്കേ

**1-23 ടർഫുകളിൽ നിന്നും വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ കായിക വിനോദങ്ങൾക്ക് ഉപയോ ടർഫുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം വസ്തുനികുതി, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴി 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1994 പഞ്ചായത്ത് രാജ് നിയമം വകുപ്പ് 236 എന്നിവ പ്രകാരം ലൈസൻസ് ഫീ എന്നിവ നിന്നും ഡിമാൻഡ് ചെയ്തു ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധ നിയമപ്രകാരമുള്ള നികുതികളും ഫീസും ടർഫുകളിൽ നിന്നും ഈടാക്ക് അറിയിക്കേണ്ടതാണ്.

**1-24 ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ**

വാർഷിക ധനകാര്യ പത്രികയിലെ B-17 ഷെഡ്യൂൾ പരിശോധിച്ചതിൽ ശ്ര അപാകതകൾ ചുവടെ ചേർക്കുന്നു.

A) <u>പഞ്ചായത്തിൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അ നിലനിൽക്കുന്നു</u>

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ ട്രഷറി അക്കൗണ്ടിന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ (

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് |
|---|---|---|
| 1 | 67396487164 | എസ് ബി ഐ – ഇ പേയ്മെന്റ് |
| 2 | 40581101015106 | കേരള ഗ്രാമീൺ ബാങ്ക് |
| 3 | 42176080608 | എസ് ബി ഐ – ജി പേയ്മെന്റ് |
| 4 | 1469 | എ ആർ എഫ് എസ് സി ബി ബാങ്ക് |
| 5 | ഇല്ല | നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങ അനുസരിച്ച് പഞ്ചായത്ത് ഫണ്ട് ട്രഷറി/പോസ്റ്റോഫീസ്/സഹകരണ ബാങ്ക്/ദേശസാത എന്നിവിടങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിന് സ്പഷ്ടീകരണമായി പുറപ്പെ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പർ പരിപത്രമനുസ

ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് അഭികാമ്യമല്ല. അത് ട്രഷ
ഒരു സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിേ
ആകയാൽ തനത് ഫണ്ടിനായി ഒരു അക്കൗണ്ടും ഇ-പേയ്മെന്റ്, ജി-പേയ്മെന്റ് അക്കൗണ്ട
നിലനിർത്തേണ്ടതാണ്.

B) <u>ഇ-പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു</u>

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബ
ഇൻഡ്യയുടെ പള്ളിക്കത്തോട് ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികു
ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അ
67396487164). 31.03.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാ
അക്കൗണ്ടിൽ ₹ 3943674/- രൂപ ബാക്കിയുണ്ടായിരുന്നു. പലിശരഹിതവും ബ
ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തു
ക്രമപ്രകാരമുള്ളതല്ല. കൂടുതലുള്ള തുക തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്ക് മാ
അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-25 കാര്യക്ഷമതയില്ലാത്ത പദ്ധതി പ്രവർത്തനം - വികസന ലക്ഷ്യം സാക്ഷാത്ക്കര</u>**
**<u>അനിശ്ചിതത്വത്തിൽ</u>**

ഗ്രാമപഞ്ചായത്ത് വിവിധ വാർഷിക പദ്ധതികളിലായി ബൃഹത്തായ അനേകം
ആവിഷ്കരിച്ചുവെങ്കിലും അവ ഉദ്ദേശ്യ പൂർത്തിക്കുതകും വിധം പ്രവൃത്തി പഥത്തി
വർഷങ്ങൾക്കുശേഷവും കഴിഞ്ഞിട്ടില്ല. അത്തരത്തിൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുന
പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ**

ഗ്രാമപഞ്ചായത്ത് നിവാസികളായ ഭിന്നശേഷിയുള്ള കുട്ടികളെയും, യുവാക്കളെയും വിവിധ
പരിപാടികളിലൂടെ സ്വയംപര്യാപ്തരാക്കുന്നതിനും, അവരെ വിവിധ തെ
നിപുണരാക്കുന്നതിനും, തദ്വാരാ അവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനും
ആസൂത്രണം ചെയ്തതാണ് പ്രസ്തുത പ്രോജക്ട്. 2017-18 വാർഷിക പദ്ധതിയിൽ
നിർമാണം ആരംഭിച്ച പ്രോജക്ടിനുവേണ്ടി നാളിതുവരെ ചെലവഴിക്കപ്പെട്ട തുകകളുടെ വിി
ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രോജക്ട് നം. പേര് | ചെലവഴിച്ച തുക (₹) | ഫണ്ട് | അഭിപ്രായക്കുറിപ്പുക |
|---|---|---|---|---|
| 2017-18 | S199/2018 കെട്ടിട നിർമാണം | 493431 | വികസന ഫണ്ട് | വികസന ഫ ₹531900/- +തന ഫണ്ട് ₹18100/0 ബ്ലോക്ക് പഞ്ചായത വിഹിതം ₹2000 എന്നിവ ഉൾപ്പ |

| | | | | |
|---|---|---|---|---|
| | | | | ആകെ അടങ്ക ₹750000/- |
| 2018-19 | S177/2019 കെട്ടിട നിർമാണം (Spill Over) | 112064 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
| 2019-20 | S238/2020 ബഡ്സ് സ്കൂൾ അനുബന്ധ സൗകര്യം ഒരുക്കൽ | 200000 | വികസന ഫണ്ട് | |
| | | 974250 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
| 2020-21 | S223/2021 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഫർണിച്ചർ അനുബന്ധ സൗകര്യം ഒരുക്കൽ | 924520 | Externally Aided Fund | കുടുംബശ്രീ മിഷനിൽനിന്ന് ലഭിച്ച ₹1250000 വകയിരുത്തി അന സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജ |
| 2022-23 | S 48/2023 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഫർണിച്ചർ അനുബന്ധ സൗകര്യം ഒരുക്കൽ( Spill Over) | 199770 | Externally Aided Fund | കുടുംബശ്രീ മിഷനിൽനിന്ന് ലഭിച്ചതിൽ ശേഷ ₹225480/- വകയിരുത്തി അന സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജ |
| | ആകെ | 29,04,035 | | |

മേൽപരാമർശിത പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത ചന്തയ്ക്ക് സമീപം സുമാർ 800 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു കെട്ടിടം നിർമി ഫർണിച്ചർ, കുട്ടികളുടെ പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ, വ്യായാമത്തിനുള്ള സൈക്കിൾ എന്നിവ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങി സംഭരിച്ചിട്ടുണ്ട്. സജ്ജീകരിക സ്ഥലപരിമിതി മൂലം ഇവയിൽ ഭൂരിഭാഗവും വാങ്ങിയ പെട്ടികളിൽത്തന്നെ സീൽ ചെ അവസ്ഥയിലാണുള്ളത്.






75 ഗുണഭോക്താക്കളെയാണ് ഈ വിഭാഗത്തിൽ ഗ്രാമപഞ്ചായത്ത് കണ്ടെത്തിയതെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അവരുടെ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനം നൽകുന്നതിന് വിപുലമായ സ്ഥലസൗകര്യം അനിവാര്യമാണ്. ഇത് പരിഗണിക്കാതെയാണ് കേവലം ഒരു കെട്ടിടം നിർമിച്ച് അതിന് ഉൾക്കൊള്ളാനാവാത്ത അളവിലുള്ള ഫർണിച്ചറും ഉപ വാങ്ങിക്കൂട്ടിയത്. കെട്ടിട നിർമാണം, സാധനങ്ങൾ വാങ്ങൽ, ഉദ്ഘാടനം നടത്തൽ പ്രകടിപ്പിച്ച ഔത്സുക്യം സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ തുടർന്നുള്ള സദുപയോഗം സാധ്യമാകുമെന്ന വിഷയം പ്രായോഗികമായി കൈകാര്യം ചെയ്യുന്നതിൽ പുലർ യാതൊരു രീതിയിലുമുള്ള ഉപയോഗം സാധ്യമാകാതെ ദീർഘനാൾ കഴിഞ്ഞതി അനതിവിദൂരഭാവിയിൽ നശിക്കാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്.

ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകളും തനതു ഫണ്ടും വളരെ പരിമിതമാകയാൽ സൗകര്യമൊരുക്കുന്നതിനുവേണ്ടി പുതിയ കെട്ടിടം നിർമിക്കുക എന്നത് വ സാധിക്കാവുന്ന ഒരു ലക്ഷ്യമല്ല. മാത്രമല്ല കെട്ടിടം ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വെള്ളക്കെട്ട് ഉണ്ടാവുന്നതിനാൽ അതിന്റെ പരിസരത്തെ പ്രതലം മണ്ണിട്ടോ, ക്വാറി തറയോട് പാകിയോ ഉയർത്തേണ്ടതുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ മുൻവശത്തായി എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് നിർമിച്ച് ഗ്രാമപഞ്ചായത്തിന് കൈമ കടമുറികളടങ്ങുന്ന ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്നു. ഈ കെട്ടിടത്തിലെ മാത്രമാണ് പ്രതിമാസ വാടകയ്ക്ക് കൈയ്യൊഴിഞ്ഞിട്ടുള്ളത്. ബാക്കിയുള്ളതിൽ രണ്ടു മുറ താത്ക്കാലിക എം.സി.എഫ് ആയി പ്രവർത്തിക്കുന്നു. എം.സി.എഫ് പ്രവർത്തനം അ മാറ്റി, കെട്ടിടത്തിന്റെ സ്ഥിരത (Stability) എൻജിനിയറുടെ സഹായത്തോടെ നിർണയി പരിശീലനത്തിനും മറ്റുമുള്ള അടിസ്ഥാന സൗകര്യം സജ്ജീകരിച്ച് നിലവിലെ ബ കെട്ടിടത്തിൽനിന്ന് ഇതിലേക്ക് ഒരു പ്രവേശനമാർഗം പ്രദാനം ചെയ്യുന്നപക്ഷം ബ താമസംവിനാ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് സ്ഥലം സന്ദർശനം, സാങ്കേ ഉദ്യോഗസ്ഥരുമായി നടത്തിയ ആശവിനിമയം എന്നിവയിലൂടെ ഓഡിറ്റ് വിലയിരുത്തുന്നു



ബഡ്സ് റീഹാബിലിറ്റേഷൻ അടിസ്ഥാന സൗകര്യങ്ങൾക്ക ജീവനക്കാരായി സ്പെഷ്യലിസ്റ്റ് ടീച്ചർ, അ ആയ, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തുടങ്ങിയവരെ ആവശ്യമുണ്ട്. വേതനമിനത്തിൽ പ്രതിമാസം ഒരു ലക്ഷ രൂപയും, കുട്ടികളെ എത്തിക്കുന്നതിനും കൊണ്ടുപോകുന്നതിനും വാഹന സൗകര്യം ഏർപ്പാട് ചെയ്യുന്നതിനു പ്രത്യേകമ കണ്ടെത്തേണ്ടതുണ്ട്. ഇത്ര ഭീമമായ സാമ്പത്തികബാധ്യത വരുന്ന പ്രോജക്ട് ത്രിതല സംവിധാനത്തിലെ ഉപരി മണ്ഡല പഞ്ചായത്തുകളുടെ സഹായമില്ലാതെ ഗ്രാമപ ഏകപക്ഷീയമായി മുന്നോട്ടു കൊണ്ടുപോകുക പ്രായോഗികമല്ല. ആകയാൽ വിഷയം പരിഗണനയിൽ ഉൾപ്പെടുത്തി തുടർന്നുള്ള വർഷങ്ങളിൽ സ്കൂളിന്റെ പ്രവർത്തന കൊണ്ടുപോകുന്നതിനുള്ള ഫണ്ട് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

നിഷ്ക്രിയ ആസ്തി സൃഷ്ടിക്കലിൽ പ്രോജക്ട് ഒതുങ്ങിപ്പോകാതെ, ക്രിയാത്മകമായ നടപ ബഡ്സ് സ്കൂൾ പ്രവർത്തനം സാക്ഷാത്ക്കരിക്കാനാവശ്യമായ നടപടികൾ അടി സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ അടിയന്തിരശ്രദ്ധയിൽപ്പെടുത്തുന്നു.



ബി)



**എം.സി.എഫ് നിർമാണം**

ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യങ്ങൾ സംഭരിച്ച്, വേർതിരിച്ച് സൂക്ഷിക്കുവാൻ ഒരു എം.സി.എഫ് നിലവിലില്ല. (ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു ഉപേക്ഷിക്കപ്പെട്ട ഷെഡിലും ഇളമ്പള്ളി ചന്തയിലുള്ള വില്ലേജ് ഹട്ടിലുമായാണ് എ താത്ക്കാലികമായി പ്രവർത്തിച്ചു വരുന്നത്). ഓരോ ഗ്രാമപഞ്ചായത്തിലും നിശ്ചിത മാ മാലിന്യസംഭരണശാലാ സൗകര്യം ഏർപ്പെടുത്തുന്നത് സർക്കാർ നിർബന്ധമാക്കിയതി അത് നിർമിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രാരംഭ നടപടികൾ ആ ഗ്രാമപഞ്ചായത്തിന്റെ കൈവശം ഈ ആവശ്യത്തിന് പര്യാപ്തമായ ഭൂമി ഇല്ലാതിരുന്നതിനാൽ, എം.സി.എഫിനൊപ്പം ശ്മശാനം കൂടി നിർമിക്കുന്നതിന് അനു സ്ഥലം കൈവശമുള്ള ഭൂവുടമകളിൽനിന്ന് താത്പര്യപത്രം ക്ഷണിക്കുകയും ആനിക്കാട്

സർവ്വേ നമ്പർ 123/1-ൽപ്പെട്ട 18.9 ആർ സ്ഥലം കണ്ടെത്തുകയും ചെയ്തു. ശ്രീമതി എൽസമ , നരിമലക്കര, ആനിക്കാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ₹147781/- നിരക്കിൽ കോട്ടയം തഹസിൽദാറുടെ മൂല്യനിർണയ സാക്ഷ്യ അടിസ്ഥാനത്തിൽ വാങ്ങുന്ന നടപടികൾ പുരോഗമിക്കവെ ശ്മശാന നിർമാണത്തിനെതി പ്രതിഷേധമാരംഭിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്ക ഗ്രാമപഞ്ചായത്തിനെ എതിർകക്ഷിയാക്കി രണ്ടു റിട്ട് ഹർജികൾ ഫയൽചെയ്യപ്പെടുക (WP(C) 25810/2022, WP(C) 6879/2023). പ്രസ്തുത സ്ഥലത്ത് നിശ്ചയിച്ച ശ്മശാന ഗ്രാമപഞ്ചായത്ത് ഉപേക്ഷിച്ചതായി കോടതിയെ അറിയിച്ചതിനെത്തുടർന്ന് രാജിയാകാനുള്ള സാധ്യതകൾ നിലനിൽക്കുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട നടപടികൾ അഭിഭാഷകൻ മുഖേന ത്വരിതപ്പെടുത്തി രാജി പ്രക്രിയകൾ പൂർത്തീക സ്ഥലം വാങ്ങൽ യാഥാർത്ഥ്യമാക്കി എം.എസി.എഫ് നിർമാണം താമസ സാക്ഷാത്ക്കരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഈ വിഷ ക്ഷണിക്കുന്നു.

**സി) ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം**

ഗ്രാമപഞ്ചായത്ത് പള്ളിക്കത്തോട് ടൗണിൽ 1985-86 കാലയളവിൽ നിർമിച്ച മൂന്നു നില കോംപ്ലക്സ് (നാല് മുറികളുള്ളത്) കാലപ്പഴക്കത്താൽ ജീർണിച്ച് നാശോന്മുഖമായതിനെത്തു പൊളിച്ചു നീക്കി തത്സ്ഥാനത്ത് പുതിയൊരെണ്ണം നിർമിക്കുന്നതിന് ഗ്രാമപഞ്ചായ വാർഷിക പദ്ധതിയിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. കെട്ടിടം അപകടാവസ്ഥ അസി.എൻജിനീയറുടെ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് ഉ തീരുമാനത്തിലേക്ക് കടന്നത്. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ, ഗ്ര ബോർഡിൽനിന്ന് സ്വീകരിച്ച വായ്പ ഉപയോഗിച്ച് നിർമിച്ചതാകയാൽ അത് പൊളിച്ചു ന സർക്കാരിന്റെ അനുമതി തേടാൻ നിശ്ചയിച്ചു. എന്നാൽ കെട്ടിടത്തിന്റെ അപകടാവസ്ഥ സർക്കാർ അനുമതിക്കു മുൻപേതന്നെ ഗ്രാമപഞ്ചായത്ത് അത് പൊളിച്ചു നീക്കി. പ്രസ്തുത ന സാധൂകരണത്തിനായി ശ്രമങ്ങൾ നടക്കവെ ചില തത്പര കക്ഷികൾ കെട്ടിടം പെ അഴിമതി ആരോപിച്ച് വകുപ്പു തലത്തിലും വിജിലൻസിലും പരാതി നൽകുകയുണ്ടായി. അ നടക്കുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള സ്റ്റേ-ജപ്തി-തടങ്കൽ ന നിലവിലില്ലാത്തതാണ്. എന്നിരുന്നാലും 2017-18-ൽ ആരംഭിച്ച നിർമാണ പ്രക്രിയ ഇതോ അവസ്ഥയിലായി. കെട്ടിടം പൊളിച്ചതിന് കരാറുകാരന് നൽകേണ്ട പ്രതിഫല അനുവദിച്ചിട്ടില്ല. തനത് ആസ്തി പൊളിച്ചു നീക്കിയ നടപടിക്ക് സർക്കാരിൽനിന്ന് ന വാങ്ങുക എന്ന കേവലമായ സാങ്കേതികത്വം മറികടക്കുവാൻ ഗ്രാമപഞ്ചായത്ത വർഷത്തിനിപ്പുറവും കഴിഞ്ഞിട്ടില്ലായെന്നത് ഏറെ ഖേദകരമാണ്. ഇ നിർമാണവസ്തുക്കളുടെ കമ്പോളവിലയും തൊഴിലാളികളുടെ കൂലിയും വൻതോതിൽ വർ നിർമാണത്തിന് ഭീമമായ തുക അധികം കണ്ടെത്തേണ്ട ബാധ്യതയും പരിഗണിക്കേണ്ടതുണ്ട്. സാഹചര്യത്തിന്റെ അനിവാര്യത ഭരണസമിതി തീരുമ സർക്കാരിനെ ബോധ്യപ്പെടുത്തി കെട്ടിടം പൊളിച്ച നടപടിക്ക് സാധൂകരണം വ മുടങ്ങിപ്പോയ നിർമാണപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് വരുമാനദായകമായ

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സത്വരശ്ര
വിഷയത്തിലേക്ക് ക്ഷണിക്കുന്നു. (ഈ വിഷയത്തിലെ സർക്കാർ അനുമതിയുമായി ബന്ധ
പരാമർശം അന്യത്ര ചേർത്തിട്ടുള്ളതും കാണുക).

ബൃഹത്തായ ലക്ഷ്യങ്ങൾ വിഭാവനം ചെയ്യുന്നതിനൊപ്പം അവ പ്രവൃത്തിപഥത്തിലെ
ഇച്ഛാശക്തിയും പ്രകടിപ്പിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസന പരിപ്രേക്ഷ്യങ്ങൾ സാക്ഷാ
വാർഷിക പദ്ധതികൾ ഉപയുക്തമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ്
ഭരണസമിതി എന്നിവരുടെ കാര്യക്ഷമമായ ഇടപെടലുകൾക്കായി മേൽ
ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിത പരിഹാര നടപടികൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ
ലഭ്യമാക്കേണ്ടതാണ്.

## 1-26 ഉടമസ്ഥാവകാശമില്ലാതിരുന്ന സ്ഥലത്ത് പദ്ധതി നിർവഹണം-പഞ്ചായത്ത് ഫ പാഴ്ച്ചെലവ്

ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാതിരുന്നതും സ്വകാര്യ
കൈവശത്തിലിരുന്നതുമായ ഭൂമിയിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ ടാങ്ക് നി
പൈപ്പ് ലൈൻ സ്ഥാപിക്കുയും പിന്നീട് ഉടമ നടത്തിയ കോടതി വ്യവഹാരത്തെ
ഗ്രാമപഞ്ചായത്തിന് അത് സ്വന്തം ചെലവിൽ പൊളിച്ചു നീക്കേണ്ടിയും വന്നിട്ടുണ്ട്. 2017-1
പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വെട്ടിക്കയം കുടിവെള്ള പദ്ധതിയുടെ ഓവർഹെഡ് ടാങ്ക് , പൈ
ശൃംഖല എന്നിവ സ്ഥാപിച്ചത് ശ്രീ. ബാലമുത്തു, ധവമണി ഭവൻ, ചാന്നാനിക്കാട്, കേ
വ്യക്തിയുടെ സ്ഥലത്താണ്. തന്റെ അറിവോ, സമ്മതമോ കൂടാതെ ഗ്രാമപഞ്ചായത്ത് അ
നിർമാണം നടത്തിയതിനെതിരെ ശ്രീ. ബാലമുത്തു ബഹു. ഓംബുഡ്സ്മാൻ മുൻപാകെ
331/2028 നമ്പറായി കേസ് ഫയൽ ചെയ്യുകയും 08.12.2022-ലെ വിധിയിലൂടെ അവ പൊ
സ്ഥലം പൂർവ സ്ഥിതിയിലാക്കാൻ ഉത്തരവ് സമ്പാദിക്കുയും ചെയ്തു. തുടർന്ന് തൻവ
ഫണ്ടിൽനിന്ന് ₹44826/- ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന് പ്രസ്തുത നിർമിതിക
ചെയ്യേണ്ടതായി വന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ചെക്ക് നം. തീയതി |
|---|---|---|
| പൈപ്പ് ലൈൻ, PVC ടാങ്ക് എന്നിവ മാറ്റി സ്ഥാപിക്കൽ | ₹28026/- | 17677/02.08.2023 |
| ടാങ്കിന്റെ കരിങ്കൽത്തറ JCB ഉപയോഗിച്ച് പൊളിച്ചു നീക്കൽ | ₹16800/- | 18530/02.12.2023 |
| ആകെ | ₹44826/- | |

പ്രോജക്ട് നടപ്പാക്കേണ്ട സ്ഥലത്തിന് നിയമപരമായ ഉടമസ്ഥാവകാശം സ
ഉറപ്പുവരുത്താതെ ആസ്തി സൃഷ്ടിക്കലിന് മുന്നിട്ടിറങ്ങിയതുമൂലമാണ് ഗ്രാമപഞ്ചായത്തി
വ്യവഹാരത്തിലേക്കും തുടർന്ന് ഗണ്യമായ തുക തനതു ഫണ്ടിൽനിന്ന് ചെലവഴിക്കേണ്ടി

ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാൻ ബ
ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും അവധാനതിയില്ലാതെ പ്രവർത്തി
ഇത്തരത്തിലൊരു പാഴ്ച്ചലവ് സംഭവിച്ചത്. ഈ വിഷയത്തിൽ വിശദീകരണം ന
ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കർശന നിഷ്കർഷ പുലർത്തേ

**1-27 തെരുവു വിളക്കുകളുടെ പരിപാലനം-തനതു ഫണ്ടിന് വൻബാധ്യത**

ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകളുടെ പരിപാലനത്തിനുവേണ്ടി 25 കൺസ്യൂമർ നമ്പ
ഏകദേശം ഒന്നരലക്ഷം രൂപയാണ് ഓരോ മാസവും വിദ്യുച്ഛക്തി ബോർഡിൽ ഒടുക്ക
എന്നാൽ യഥാർത്ഥ ഉപഭോഗത്തിന് അനുസൃതമായ തുകയാണ് ഓരോ മാസവും ഒടു
തിട്ടപ്പെടുത്താൻ പര്യാപ്തമായ രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഓരോ കൺസ്യൂമ
ഒടുക്കുന്ന തുകകളുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്ന
ക്ഷോഭം, നിർമാണത്തകരാർ എന്നിവ മൂലം പല വിളക്കുകളും പ്രവർത്തനക്ഷമമല്ലാത്ത
പള്ളിക്കത്തോട് പട്ടണപ്രദേശത്തുതന്നെ ദൃശ്യമാണ്. കൂടാതെ ഓരോ വർഷവും വാങ്ങി ന
വിളക്കുകളുടെ വില്പനാനന്തര സേവനം അധികച്ചെലവില്ലാതെ നടത്തപ്പെടുന്നുവെന്ന് ഉ
ഉതകുന്ന രീതിയിൽ അവയുടെ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കുന്നു
പ്രദേശങ്ങളിലെ വിളക്കുകാലുകളിൽ ഘടിപ്പിച്ചിട്ടുള്ള പ്രവർത്തനക്ഷമമായ തെരുവു വ
ഇനവും എണ്ണവും KSEB അധികൃതരുടെ സഹായത്തോടെ കൃത്യമായി തിട്ടപ്പെടുത
ബാധകമായ നിരക്കുകൾക്ക് ആനുപാതികമായാണ് ബിൽതുക ഒടുക്കുന്നതെന്ന് ഉറപ്പാ
ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി തുടർന്നുള്ള ഓഡിറ്റിൽ പ
ഹാജരാക്കേണ്ടതുമാണ്.

**1-28 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 അനുസരിച്ച്, പ്രത്യേകം
മുൻനിർത്തി അനുവദിക്കപ്പെടുന്ന മുൻകൂർ തുകകൾ മൂന്നു മാസത്തിനുള്ളിൽ വിനിയോ
ഹാജരാക്കി തിരികെ ക്രമീകരിക്കേണ്ടതാണ്. മൂന്നു മാസത്തിലധികമായി ക്രമീ
ശേഷിക്കുന്ന തുകകൾ അത് പിൻവലിക്കപ്പെട്ട തീയതി മുതൽ തുക ഈടാക്കുന്ന തീയത
കാലയളവിലേക്ക് 18% നിരക്കിൽ പലിശ കൂടി ഈടാക്കേണ്ടതാണെന്ന് ധനകാര്യ
04.10.2011- ലെ ജി.ഒ(പി) 419/2011 നമ്പർ ഉത്തരവിലൂടെ സർക്കാർ ന
പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം വിവിധ ആ
അനുവദിച്ച സിവിൽ മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ലായെന്ന് കണക്കുകൾ സൂ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക | വൗച്ചർ നം. തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| കേരളോത്സവം | 25000 | 22200640/10.11.2022 | 2022-23 വർഷത്തെ ചെലവ് |
| | 15000 | 22200650/14.11.2022 | |
| | 25000 | 22300559/08.10.2023 | 2023-24 വർഷത്തെ ചെലവ് |
| | 25000 | 22300567/10.10.2023 | |
| | 22033 | 22300582/30.10.2023 | |
| മരം വെട്ടുകൂലി | 11000 | 22300734/11.12.2023 | |

തുക ക്രമീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള പലി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-29-1 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങ പൂർണമായി ലഭ്യമാക്കിയിട്ടില്ല</u>**

